# കൊച്ചി സർവകലാശാലയ്ക്ക് കേന്ദ്ര പ്രോജക്ട്

കൊച്ചി: സമുദ്രത്തിനടിയിലെ മനുഷ്യനിർമിത വസ്തുക്കളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിന് സോണാർ ഉപകരണം രൂപപ്പെടുത്താനുള്ള നാവിക ഗവേഷണ ബോർഡിന്റെ കേന്ദ്ര പ്രോജക്ട് കൊച്ചി സർവകലാശാലയ്ക്കു ലഭിച്ചു. സർവകലാശാലയിലെ ഇലക്ട്രോണിക്സ് വകുപ്പിനാണ് 43.55 ലക്ഷത്തിന്റെ പ്രോജക്ട്. ഇലക്ട്രോണിക്സ് വകുപ്പിലെ ഡോ. എം എച്ച് സുപ്രിയയുടെ നേതൃത്വത്തിലാണ് ഗവേഷണം.

Deshabhimani 24-8-2011